പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 811 28.02.2018 -ലെ മറുപടിക്ക്.

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

ചോദ്യം

ശ്രീ.വി.പി.സജീന്ദ്രൻ

ശ്രീ.അനൂപ് ജേക്കബ്

ശ്രീ.റോജി എം. ജോൺ

ശ്രീ.ഐ.സി.ബാലകൃഷ്ണൻ:

മറുപടി

ശ്രീ. ടി.പി.രാമകൃഷ്ണൻ

(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തൊഴിൽ വകുപ്പിന് കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാണോ എന്ന് പരിശോധിക്കുന്നതിനുള്ള പരിശോധനാ വിഭാഗം പ്രസ്തുത ബോർഡുകളിൽ വർഷത്തിൽ രണ്ട് തവണ പരിശോധന നടത്തണമെന്ന നിബന്ധന കർശനമായി പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാമോ; | (ബി) | പാലിക്കുന്നുണ്ട്. ക്ഷേമനിധി ബോർഡുകളിൽ പരിശോധന നടത്തുന്നത് സർക്കാരിന്റെ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് മുഖേനയാണ്. കൂടാതെ ബോർഡുകളിൽ ഇന്റേണൽ ഓഡിറ്റ്, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, സി&എജി ഓഡിറ്റ് എന്നിവയും നടന്നു വരുന്നു. |
| (സി) | പല ക്ഷേമനിധി ബോർഡുകളിലും അംഗങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴികെ മറ്റ് ക്ഷേമനിധി ബോർഡുകളിൽ ഒന്നുംതന്നെ ആനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസം നേരിടുന്നില്ല. |
| (ഡി) | നിലവിൽ ഏതൊക്കെ ബോർഡുകളിലെ ആനുകൂല്യങ്ങളാണ് കുടിശ്ശികയായിട്ടുള്ളത്. വിശദീകരിക്കുമോ; | (ഡി) | കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നൽകി വരുന്ന റിട്ടയർമെൻറ് ആനുകൂല്യം 4/2011 മുതലും വിവാഹധനസഹായം 6/2010 മുതലും പ്രസവധനസഹായം 8/2013 മുതലും കുടിശ്ശികയാണ്. |

| | | | |
|---|---|---|---|
| (ഇ) | ബോർഡുകൾക്ക് സർക്കാർ നൽകേണ്ട ഗ്രാന്റ്/സർക്കാർ വിഹിതം സമയബന്ധിതമായി നൽകുന്നതിന് കഴിയാറുണ്ടോ ; സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി ഇതിന് തടസ്സമായിട്ടുണ്ടോ; | (ഇ) | ക്ഷേമബോർഡുകൾക്ക് സർക്കാർ ഗ്രാൻറ് ലഭ്യമാക്കാറുണ്ട്. എന്നാൽ ബോർഡുകളിലെ പെൻഷൻകാരുടെ എണ്ണം കൂടി വരുന്നതിനാൽ ബോർഡിന് സാമ്പത്തിക ബാധ്യത വരികയും സർക്കാർ സഹായത്തോടെ പെൻഷൻ നൽകി വരികയും ചെയ്യുന്നു. ഗ്രാൻറിനത്തിൽ ബോർഡുകൾക്ക് ലഭിക്കേണ്ട തുകയേക്കാൾ പതിൻമടങ്ങ് തുകയാണ് സർക്കാർ പെൻഷൻ വിതരണത്തിനായി ബോർഡുകൾക്ക് നൽകുന്നത്. |
| (എഫ്) | അംശദായ ഇനത്തിലും ഗ്രാന്റിനത്തിലും സർക്കാർ വിഹിതമായും ഓരോ ബോർഡിനും കൊടുത്ത് തീർക്കുവാനുള്ള കുടിശ്ശികയുടെ വിശദാംശം നൽകുമോ? | (എഫ്) | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് മാച്ചിംഗ് ഗ്രാൻറിനത്തിൽ 37 കോടി രൂപ ലഭിക്കാനുണ്ട്. 2010 മുതലുള്ള ഗ്രാൻറാണ് കുടിശ്ശികയായിട്ടുള്ളത്. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് ഗ്രാൻറിനത്തിൽ 31 കോടി രൂപ കുടിശ്ശിക ലഭിക്കാനുണ്ട്. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന്, 1,92,34,682/- രൂപ മാച്ചിംഗ് ഗ്രാൻറിനത്തിൽ അനുവദിച്ച് കിട്ടാനുണ്ട്. കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ്സ് ക്ഷേമനിധി ബോർഡിൽ 2017-18 കാലയളവ് വരെ 8,02,79,121/- രൂപയാണ് ഗ്രാൻറായി ലഭിക്കാനുള്ളത്. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന് അംശാദായ ഇനത്തിൽ 2,24,888/-രൂപ ലഭിക്കാനുണ്ട്. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന് അംശാദായ ഇനത്തിൽ 2012-13 സാമ്പത്തികവർഷം മുതൽ 58,17,470/-രൂപ ലഭിക്കാനുണ്ട്. കേരളാ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1977 മുതൽ 1991 വരെ 43,35,000/- രൂപ ഗ്രാൻറായി ലഭിച്ചിട്ടുണ്ട്. 1991-നുശേഷം ടി ബോർഡിന് സർക്കാരിൽ നിന്നും ഗ്രാൻറ് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ